**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2765** **14-09-2023 - ൽ മറുപടിയ്ക്ക്**

**അൺ സ്കിൽഡ് വർക്കർമാരുടെ ഇ.പി.എഫ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിഡ്കോ എത്ര ശതമാനം ലാഭമാണ് നേടിയതെന്ന് അറിയിക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ സിഡ്കോയ്ക്ക് 296.04 ലക്ഷം രൂപയുടെ പ്രവർത്തന നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ 48.14 ലക്ഷം രൂപയുടെ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. |
| (ബി) | സിഡ്കോയുടെ പാപ്പനംകോട് പി.ഡി.സി. യൂണിറ്റിൽ അൺ സ്കിൽഡ് വർക്കർ തസ്തികയിൽ 26/8/2015 -ലെ പി.ഡബ്ല്യു. വർക്കേഴ്സ് 2013 - 14 റിക്രൂട്ട്മെൻറ് എന്ന ഉത്തരവ് പ്രകാരം നിയമിച്ച ജീവനക്കാരുടെ എണ്ണം എത്രയെന്നും 12/7/2019 -ലെ പി.ഡബ്ല്യു. 14 - 16 ഉത്തരവ് പ്രകാരം ഇതിൽ എത്ര പേരെ ഒഴിവാക്കിയെന്നും അറിയിക്കുമോ; | (ബി) | സിഡ്കോയുടെ പാപ്പനംകോട് പി.ഡി.സി. യൂണിറ്റിൽ അൺ സ്കിൽഡ് വർക്കർ തസ്തികയിൽ 26/8/2015 -ലെ പി.ഡബ്ല്യു/വർക്കേഴ്സ് 2013-14/റിക്രൂട്ട്മെന്റ് ഉത്തരവ് പ്രകാരം 26 പേരെ നിയമിച്ചു. എന്നാൽ, ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം 12/07/2019-ൽ ഇവരെ പിരിച്ചു വിടുകയുണ്ടായി. |
| (സി) | പി.ഡി.സി. യൂണിറ്റിൽ നിന്നും ഒഴിവാക്കപ്പെട്ട അൺ സ്കിൽഡ് വർക്കർമാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. ഇനത്തിൽ എത്ര തുക വീതം ഈടാക്കിയെന്നും ഇതിൽ എത്ര തുക വീതം ഓരോരുത്തരുടെയും ഇ.പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിച്ചെന്നും അറിയിക്കാമോ; | (സി) | പി.ഡി.സി യൂണിറ്റിൽ നിന്നും പിരിച്ചു വിട്ട തൊഴിലാളികളിൽ ഓരോരുത്തരുടെയും ശമ്പളത്തിൽ നിന്നും ഏകദേശം 1,25,000/- രൂപ വീതം ടി കാലയളവിൽ ഇ.പി.എഫ്. വിഹിതമായി പിടിച്ചിട്ടുണ്ട്. അതോടൊപ്പം തൊഴിലുടമ വിഹിതവും ചേർത്ത് ഏകദേശം 2,05,000/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ഡി) | പി.ഡി.സി. യൂണിറ്റിൽ നിന്നും ഒഴിവാക്കപ്പെട്ട തൊഴിലാളികളുടെ ഇ.പി.എഫ്. അക്കൗണ്ടിൽ സിഡ്കോയുടെ വിഹിതമായി എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്നും ബാക്കി എത്ര തുക നൽകാനുണ്ടെന്നും അറിയിക്കുമോ ; | (ഡി) | പി.ഡി.സി യൂണിറ്റിൽ നിന്നും പിരിച്ചു വിട്ട തൊഴിലാളികളിൽ ഓരോരുത്തരുടെയും ശമ്പളത്തിൽ നിന്നും ഏകദേശം 1,25,000/- രൂപ വീതം ടി കാലയളവിൽ ഇ.പി.എഫ്. വിഹിതമായി പിടിച്ചിട്ടുണ്ട്. അതോടൊപ്പം തൊഴിലുടമ വിഹിതവും ചേർത്ത് ഏകദേശം 2,05,000/- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത തൊഴിലാളികളുടെ ഇ.പി.എഫ്. വിഹിതം അടയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പിരിച്ചുവിട്ട 26 തൊഴിലാളികളുടെയും പി.എഫ് വിഹിതം അടച്ചിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ വ്യക്തിഗത അക്കൗണ്ടിൽ പി.എഫ്. വിഹിതം ക്രെഡിറ്റ് ചെയ്തിട്ടില്ല എന്ന് പി.എഫ് ഓഫീസിൽ നിന്നും അറിയാൻ സാധിച്ചതായി സിഡ്കോ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. വിഹിതം വ്യക്തിഗത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ